## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 484 — 09.02.2016 ൽ മറുപടിയ്ക്ക്

## കൊച്ചി മെട്രോ റെയിൽ പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | ശ്രീ.ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി നിലവിൽ എത്ര ശതമാനം പൂർത്തിയായിട്ടുണ്ട്; മൊത്തം പദ്ധതി ചെലവ് ലക്ഷ്യമിട്ടിരുന്നത് എത്ര കോടി രൂപയാണ്; അതിൽ ഇതിനകം ചെലവായിട്ടുള്ള തുക എത്രയാണ് ; അവശേഷിക്കുന്ന പ്രവൃത്തികൾക്ക് എന്തു തുക ചെലവ് പ്രതീക്ഷിക്കുന്നു ; | (എ) | കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ ആദ്യ ഘട്ടത്തിന്റെ (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) നിർമ്മാണ ജോലിയിൽ ഏകദേശം 82 ശതമാനവും രണ്ടാം ഘട്ടത്തിന്റെ (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) ഏകദേശം 34 ശതമാനവും പുരോഗതി കൈവരിച്ചിട്ടുണ്ട്. 5181.79 കോടി രൂപയാണ് ഈ പദ്ധതിക്ക് വേണ്ടി അനുവദിച്ചത്. 2016 ജനുവരി 31 വരെ 2622.55 കോടി രൂപ ചെലവായിട്ടുണ്ട്. ബാക്കി ഇനി 2559.24 കോടി രൂപ ചെലവു പ്രതീക്ഷിക്കുന്നു. |
| (ബി) | പദ്ധതിയുടെ എന്തെല്ലാം നിലയിലുള്ള എന്തെല്ലാം നിർമ്മാണ പ്രവൃത്തികളാണിനിയും നടത്തുവാൻ ബാക്കി നില്പുള്ളത് ; | (ബി) | പദ്ധതിക്ക് ആവശ്യമായ 40.409 ഹെക്ടർ ഭൂമിയിൽ ഇനി 0.026 ഹെക്ടർ ഭൂമി മാത്രമാണ് ഏറ്റെടുക്കാൻ ശേഷിക്കുന്നത്. വയാഡക്ടിന്റെ 740 സ്പാനുകളിൽ 202 സ്പാനുകളുടെ സിവിൽ ജോലികൾ പൂർത്തിയാക്കാനുണ്ട്. യാർഡിൽ സ്റ്റബ്ലിംഗ്/ഇൻസ്പെക്ഷൻ ഷെഡിന്റെ ജോലികൾ പുരോഗമിക്കുന്നു. ട്രാക്കിന്റെ ജോലികളും സിഗ്നലിംഗ് & ടെലികമ്മ്യൂണിക്കേഷൻ ജോലികളുടെ ഡിസൈനിംഗും പുരോഗമിക്കുന്നു. ഇതിന്റെ ടെസ്റ്റിംഗും കമ്മീഷനിംഗും തുടങ്ങിയിട്ടില്ല. വയാഡക്ടിൽ തേർഡ് റെയിൽ സ്ഥാപിച്ചു കഴിഞ്ഞു. റെയിൽവേ സുരക്ഷാ അധികാരികളുടെ പരിശോധന |

| | | | |
|---|---|---|---|
| | | | ക്കായുള്ള മുൻ ഒരുക്കങ്ങൾ പുരോഗമിക്കുന്നു. 2016 ജനുവരി 10 ന് ആദ്യ ട്രെയിൻ മുട്ടം യാർഡിൽ എത്തിച്ചേർന്നു. 2016 ജനുവരി 23 ന് ടെസ്റ്റ് റൺ നടത്തി. അടുത്ത അഞ്ചു ട്രെയിനുകൾ 2016 ഓഗസ്റ്റിനു മുമ്പ് കൊച്ചിയിൽ എത്തിച്ചേരും. |
| (സി) | വിഭാവനം ചെയ്ത നിലയിലുള്ള പൂർണ്ണ പദ്ധതി എന്നത്തേയ്ക്ക് പൂർത്തിയാക്കുവാനും കമ്മീഷൻ ചെയ്യുവാനും സാധ്യമാകും ; പദ്ധതി പൂർത്തീകരിക്കുവാനുള്ള ഏതെങ്കിലും കരാറിൽ ഇതിനകം ഏർപ്പെടുവാൻ ബാക്കി നില്പുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) | കേന്ദ്ര സർക്കാരിന്റെ അനുമതിപത്രം പ്രകാരം 2017 ജൂണിൽ ആണ് ഈ പദ്ധതി കമ്മീഷൻ ചെയ്യേണ്ടത്. ഈ പദ്ധതിയുടെ ആദ്യ ഘട്ടം (ആലുവ മുതൽ മഹാരാജാസ് കോളേജ് വരെ) പൂർണ്ണ സജ്ജമായി 2016 നവംബർ 1 ന് ആരംഭിക്കാനും രണ്ടാം ഘട്ടം (മഹാരാജാസ് കോളേജ് മുതൽ പേട്ട വരെ) 2017 ജൂണിലും പൂർത്തീകരിക്കാനുമാണ് ഉദ്ദേശിക്കുന്നത്. പദ്ധതി പൂർത്തീകരിക്കാനാവശ്യമായ പ്രധാന കരാറുകൾ ഒന്നും അവശേഷിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ